# CUSAT - 2013

*Congratulations....*

RANK 1



ALBIN JOSE GEORGE

RANK 2



SANAL S PRASAD

# CUSAT - 2013

RANK 1



ALBIN JOSE GEORGE

RANK 2



SANAL S PRASAD

RANK (ETB) 1



A ANJANA

To Join Our Distance Learning | Online Test Series, visit : www.brilliantpalaonline.com

/BrilliantStudyCentrePala Gplus.to/BrilliantPala /BrilliantPala

## കുസാറ്റ് പൊതുപ്രവേശന പരീക്ഷ

# ആദ്യ അഞ്ച് റാങ്കും മലയാളികൾക്ക്

**സ്വന്തം ലേഖകൻ**

കളമശേരി • കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (കുസാറ്റ്) വിവിധ ബിടെക് എൻജിനീയറിങ് കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

അഖിലേന്ത്യാ തലത്തിൽ നടത്തിയ പരീക്ഷയിൽ ആദ്യത്തെ അഞ്ചു റാങ്കുകളും മലയാളികൾക്കാണ്.

കോട്ടയം കലക്ടറേറ്റിനു സമീപം കൊതവഴിക്കൽ ജോർജ് വർഗീസിന്റെ മകൻ ആൽബിൻ ജോസ് ജോർജിനാണ് ഒന്നാം റാങ്ക്.

കൊച്ചിതോപ്പുംപടിവെസ്റ്റ് കരുവേലിപ്പടി ജിഎൻസി നാഷനൽഎൻക്ലേവിൽപി.കെ.ശിവപ്രസാദിന്റെ മകൻ സനൽ എസ്. പ്രസാദിനാണ് രണ്ടാം റാങ്ക്.

കൊടുങ്ങല്ലൂർ ചന്തപ്പുര അമൃത നഗറിൽ ശാന്തി ഹൗസിൽ എസ്. അശോകിന്റെ മകൻ അഖിൽ അശോകിനാണു മൂന്നാം റാങ്ക്. തൃശൂർ കുറ്റൂർ മണാകുളം പറമ്പിൽ എ.ആർ. സുമയുടെ മകൻ എം. അരുൺ ഗോവിന്ദ്, കുസാറ്റ് മോഡിശേരി ലെയ്ൻ 14–ാം ക്രോസ് റോഡിലെ മീരയിൽ ജി. രാധാകൃഷ്ണപിള്ളയുടെ മകൻ ആർ. ശ്രീഹരി എന്നിവർ യഥാക്രമം നാലും അഞ്ചും റാങ്കുകൾ നേടി.



കുസാറ്റ് ബിടെക് എൻട്രൻസിൽ ഒന്നാംറാങ്ക് നേടിയ ആൽബിൻ ജോസ് ജോർജ് (കോട്ടയം) രണ്ടാം റാങ്ക് നേടിയ സനൽ എസ്. പ്രസാദ് (കൊച്ചി), മൂന്നാംറാങ്ക് നേടിയ അഖിൽ അശോക് (കൊടുങ്ങല്ലൂർ), എസ്സി/എസ്ടി വിഭാഗത്തിൽ ഒന്നാംറാങ്ക് നേടിയ നന്ദു ശിവദാസ് (തൃക്കാക്കര) എന്നിവർ.

തൃക്കാക്കര കരിമക്കാട് അവിനന്ദനം വീട്ടിൽ കെ.ഒ. ശിവദാസിന്റെ മകൻ നന്ദു ശിവദാസിനാണ് എസ്സി/എസ്ടിവിഭാഗത്തിൽ ഒന്നാം റാങ്ക്.

ഈ മാസം മേയ് 11, 12 തീയതികളിൽ രാജ്യത്തിന്റെ വിവിധ കേന്ദ്രങ്ങളിലും ദുബായിലും നടന്ന പൊതുപ്രവേശന പരീക്ഷയുടെ ഫലമാണു പ്രഖ്യാപിച്ചത്. 23,937 പേർ ബിടെക് പ്രവേശനത്തിനു മാത്രമായി പരീക്ഷ എഴുതി. യോഗ്യത നേടിയ 21,800 വിദ്യാർഥികളിൽ 8537 പേർ സംസ്ഥാനത്തിനു പുറമേനിന്നുള്ളവരും 13,263 പേർ കേരളത്തിൽ നിന്നുള്ളവരുമാണ്.

പരീക്ഷയുടെ റാങ്ക് ലിസ്റ്റ് www.cusat.nic.in, www.cusat.in എന്നീ വെബ്സൈറ്റുകളിൽ നിന്ന് ഇന്ന് ഉച്ചയ്ക്കു 12.30 മുതൽ ലഭ്യമായിരിക്കുമെന്നു റജിസ്ട്രാർ അറിയിച്ചു.

ബിടെക്, പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാമുകൾ എന്നിവയ്ക്കുള്ള ഓപ്ഷൻ റജിസ്ട്രേഷൻ 23 മുതൽ 31 വരെ തീയതികളിൽ നടക്കും. കൗൺസലിങ്, അഡ്മിഷൻ ഷെഡ്യൂളുകൾ സർവകലാശാല വെബ്സൈറ്റിൽ പിന്നീടു പ്രസിദ്ധീകരിക്കും.

# കുസാറ്റ് പ്രവേശന പരീക്ഷ: ഒന്നാം റാങ്ക് നേട്ടവുമായി ആൽബിൻ

കോട്ടയം ● എസ്എസ്എൽസിയിൽ മിന്നുന്ന വിജയം നേടിയ ജില്ലയ്ക്ക് ഇരട്ടി മധുരമായി കുസാറ്റ് പ്രവേശന പരീക്ഷ ഒന്നാം റാങ്കുമെത്തി. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല വിവിധ കോഴ്സുകളിലെ പ്രവേശനത്തിനായി ദേശീയതലത്തിൽ നടത്തിയ പരീക്ഷയിൽ കോട്ടയം കൈതവഴിക്കൽ ജോർജ് വർഗീസിന്റെ മകൻ ആൽബിൻ ജോസ് ജോർജാണ് ഒന്നാം റാങ്ക് നേടിയത്.

ഐഐടി പ്രവേശനത്തിനായി ജൂണിൽ നടക്കുന്ന ജെഇഇ (ജൂനിയർ എൻജിനീയർ) അഡ്വാൻസ് പരീക്ഷയാണ് ആൽബിന്റെ അടുത്ത ലക്ഷ്യം. ജെഇഇ മെയിൻ പരീക്ഷയിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം ആൽബിനായിരുന്നു.

പിതാവ് ജോർജ് വർഗീസ് സംസ്ഥാന ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസിലെ ഉദ്യോഗസ്ഥനാണ്.

മാതാവ് മേരി റബർ ബോർഡ് ഉദ്യോഗസ്ഥയും ഏക സഹോദരി അലീന ഹൈദരാബാദിൽ ബിരുദ വിദ്യാർഥിനിയുമാണ്.

# കുസാറ്റ് പ്രവേശന പരീക്ഷ: ഒന്നാം റാങ്ക് നേട്ടവുമായി ആൽബിൻ

കോട്ടയം ● എസ്എസ്എൽസിയിൽ മിന്നുന്ന വിജയം നേടിയ ജില്ലയ്ക്ക് ഇരട്ടി മധുരമായി കുസാറ്റ് പ്രവേശന പരീക്ഷ ഒന്നാം റാങ്കുമെത്തി. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല വിവിധ കോഴ്സുകളിലെ പ്രവേശനത്തിനായി ദേശീയതലത്തിൽ നടത്തിയ പരീക്ഷയിൽ കോട്ടയം കൈതവഴിക്കൽ ജോർജ് വർഗീസിന്റെ മകൻ ആൽബിൻ ജോസ് ജോർജാണ് ഒന്നാം റാങ്ക് നേടിയത്.

ഐഐടി പ്രവേശനത്തിനായി ജൂണിൽ നടക്കുന്ന ജെഇ (ജൂനിയർ എൻജിനീയർ) അഡ്വാൻസ് പരീക്ഷയാണ് ആൽബിന്റെ അടുത്ത ലക്ഷ്യം. ജെഇ മെയിൻ പരീക്ഷയിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം ആൽബിനായിരുന്നു.

പിതാവ് ജോർജ് വർഗീസ് സംസ്ഥാന ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസിലെ ഉദ്യോഗസ്ഥനാണ്.

മാതാവ് മേരി റബർ ബോർഡ് ഉദ്യോഗസ്ഥയും ഏക സഹോദരി അലീന ഹൈദരാബാദിൽ ബിരുദ വിദ്യാർഥിനിയുമാണ്.